## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4307 — 17.12.2014 -ൽ മറുപടിക്ക്

### എച്ച്.ഐ.വി. ബാധിതയായ പെൺകുട്ടിക്ക് വീടും സ്ഥലവും നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എച്ച്.ഐ.വി. രോഗബാധ തടയുക, രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുക, അവരെ പുനരധിവസിപ്പിക്കുക, രോഗികളുടെ ഉറ്റ ബന്ധുക്കൾക്ക് സംരക്ഷണം നൽകുക തുടങ്ങിയവയ്ക്കായി ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചു ; വർഷം തിരിച്ച് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എച്ച്.ഐ.വി. രോഗബാധ തടയുന്നതിനും, രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. ബോധവൽക്കരണം (Information, Education and Communication (IEC))<br>2. രക്തസുരക്ഷ (Blood Safety)<br>3. പുലരി കേന്ദ്രങ്ങൾ (Sexually Transmitted Infection Clinic (STI))<br>4. ജ്യോതിസ് കേന്ദ്രങ്ങൾ (Integrated Counseling and Testing Centre (ICTC))<br>5. ഉഷസ്സ് കേന്ദ്രങ്ങൾ (Anti Retroviral Treatment Centre (ART))<br>6. ലക്ഷ്യാധിഷ്ഠിത ഇടപെടൽ (Targeted Interventions (TI))<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഇതിനായി ചിലവഴിച്ച തുക സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ (അനുബന്ധം-എ) ആയി ചേർക്കുന്നു. കൂടാതെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അവസരജന്യ രോഗങ്ങൾക്കുവേണ്ടിയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2013-14, 2014-15 കാലയളവിൽ ഉഷസ്സ് കേന്ദ്രങ്ങൾ വഴി നൽകുകയുണ്ടായി. |

(.....2)

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി കണ്ടെത്തിയവർ എത്രയെന്നും ഇവർക്ക് ആരോഗ്യപരിപാലനം ഉൾപ്പെടെ എന്തു സഹായം ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ; എച്ച്.ഐ.വി. ബാധിതരുടെ എണ്ണം ഒരോ വർഷം കഴിയുന്തോറും എത്ര ശതമാനം കണ്ട് കുറയുന്നുവെന്നാണ് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി സർക്കാർ പരിശോധനാ കേന്ദ്രത്തിലൂടെ 2005 മുതൽ ഒക്ടോബർ 2014 വരെ കണ്ടെത്തിയവരുടെ എണ്ണം 24,902 ആണ്. വർഷം തിരിച്ചുള്ള കണക്കുകൾ (അനുബന്ധം - ബി) ആയി ചേർക്കുന്നു. എച്ച്.ഐ.വി. ബാധിതരുടെ ആരോഗ്യ പരിപാലനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടു കൂടി ജില്ലാ പഞ്ചായത്ത് മുഖേന പോഷകാഹാര വിതരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ഇതിനു വേണ്ടി 2 ലക്ഷം രൂപ മുതൽ 30 ലക്ഷം രൂപ വരെയുള്ള തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ എ.ആർ.ടി. ചികിത്സ എടുക്കുന്ന എച്ച്.ഐ.വി. ബാധിതർക്ക് പ്രതിമാസ ധനസഹായമായി 400 രൂപാ വീതവും യാത്രാബത്തയായി 120 രൂപയും (520 രൂപ) നൽകി വരുന്നു. |
| (സി) | സംസ്ഥാന സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ചികിത്സയിലൂടെയും, അണുബാധയുള്ള രക്തം സ്വീകരിച്ചതിലൂടെയും എച്ച്.ഐ.വി. ബാധിതരായവർ ആരെല്ലാം ; ഇവർക്ക് നൽകിയ ചികിത്സയുടെയും മറ്റു സഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ ; | (സി) | വയനാട് ജില്ലയിലെ മാനന്തവാടിയിൽ തലാസീമിയ ബാധിതയായ പെൺകുട്ടിക്ക് രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 24.06.2013 -ലെ സ.ഉ.(എം.എസ്) നം.266/13/ആ.കു.വ. പ്രകാരം ഈ കുട്ടിക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. ജൂലൈ 2013 മുതൽ നാളിതുവരെ ധനസഹായമായി പ്രതിമാസം 400/- രൂപയും, യാത്രാബത്തയായി 120/- രൂപയും നൽകി വരുന്നു. കൂടാതെ പ്രതിമാസം 1000/- രൂപ പ്രത്യേക ധനസഹായമായും നൽകി വരുന്നു. പെൺകുട്ടിയ്ക്ക് തലാസീമിയ രോഗത്തിനുള്ള ചികിത്സ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മാനന്തവാടി സ്വദേശിയായ 10 വയസ്സുകാരി പെൺകുട്ടിക്ക് സർക്കാർ ആശുപത്രിയിൽ നിന്നും രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധിച്ചതിനാൽ കുടുംബത്തിന് വീടും സ്ഥലവും നൽകുമെന്ന് മുഖ്യമന്ത്രി എന്നാണ് പ്രഖ്യാപിച്ചത് ; പ്രസ്തുത പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ ; | (ഡി) | 31.12.2013 -ലെ വീഡിയോ കോൺഫറൻസിൽ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം മാനന്തവാടി സ്വദേശിയായ അസ്മത് എന്ന കുട്ടിക്ക് 24.10.2014 -ലെ സ.ഉ. (എം.എസ്) നം. 443/14/റവ. ഉത്തരവു പ്രകാരം 12.5 ലക്ഷം രൂപ (പന്ത്രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. അത് നൽകുന്ന |

(.....3)

(ഇ) ഇല്ലെങ്കിൽ, സർക്കാരിന്റെ ഉറപ്പ് നില നിൽക്കെ, നിത്യരോഗിയും എച്ച്.ഐ.വി. ബാധിതയുമായ കുട്ടിയുടെ കുടുംബം കണ്ടെത്തിയ ഭൂമി ഏറ്റെടുത്തു നൽകാത്തതിനു കാരണം എന്തെന്നും ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ വകുപ്പ് തലത്തിലും നിയമപരവും ആയ എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പെൺകുട്ടിക്കും കുടുംബത്തിനും വീടും സ്ഥലവും നൽകാമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അടിയന്തിരമായി നടപ്പിലാക്കാൻ നടപ്പുവർഷം നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

(ഇ)
(എഫ്) തിനു വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. അസ്മത് എന്ന കുട്ടിയുടെ പിതാവിന് കൂടി അവകാശമുള്ള സ്ഥലത്ത് വീട് വയ്ക്കാൻ കഴിയുമോ എന്ന് അന്വേഷിച്ചതിൽ ടി സ്ഥലത്ത് വീട് വയ്ക്കാൻ സാധ്യമല്ലെന്ന് അവകാശികൾ അറിയിച്ചിട്ടുള്ളതാണ്. അതിനാൽ കുട്ടിക്ക് സമ്മതവും സ്വീകാര്യവുമായ മാനന്തവാടി വില്ലേജിൽ റീസർവ്വെ നമ്പർ 254/1 ബി1 -ൽപ്പെട്ട 5 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം: ഇ

**Statement of Expenses from 2011-12 to 10.12.2014** ( Rs. In Lakhs )

| Details | 2011-12 | 2012-13 | 2013-14 | 2014-15 ason 10.12.14 |
|---|---|---|---|---|
| | | | | |
| NACO FUND | 2685.94 | 2804.19 | 2517.01 | 1384.53 |
| STATE FUND | 185.00 | 147.39 | 305.04 | 97.42 |
| TOTAL FUND | 2870.94 | 2951.58 | 2822.05 | 1481.95 |

സെക്ഷൻ ഓഫീസർ.

# Data for Media Resource

| Year | Tetsted for HIV | | | HIV Positive | | |
|---|---|---|---|---|---|---|
| | Male | Female | Total | Male | Female | Total |
| **2005** | 8094 | 22502 | **30596** | 1476 | 1151 | **2627** |
| **2006** | 17425 | 71312 | **88737** | 1858 | 1490 | **3348** |
| **2007** | 39609 | 113286 | **152895** | 2247 | 1725 | **3972** |
| **2008** | 44009 | 137303 | **181312** | 1652 | 1096 | **2748** |
| **2009** | 72125 | 167886 | **240011** | 1540 | 1052 | **2592** |
| **2010** | 105213 | 202961 | **308174** | 1402 | 940 | **2342** |
| **2011** | 138787 | 253983 | **392770** | 1314 | 846 | **2160** |
| **2012** | 166361 | 270196 | **436557** | 1135 | 774 | **1909** |
| **2013** | 175442 | 284102 | **459544** | 1136 | 604 | **1740** |
| **2014 Oct** | 177621 | 264959 | **442580** | 894 | 570 | **1464** |

സെക്ഷൻ ഓഫീസർ.